(ബി) കോഴ്സുകളുടെയും സീറ്റിന്റെയും വിവരം അനുബന്ധം (രണ്ട്) ആയി ചേർത്തിരിക്കുന്നു*. കേരള സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്പോർട്സ് കോട്ടയിൽ പ്രവേശനം നല്കുന്നത്. തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം അനുബന്ധം (മൂന്ന്) ആയി ചേർത്തിരിക്കുന്നു*.

സന്തോഷ് ട്രോഫി ജേതാക്കൾക്ക് സർക്കാർ ജോലി നല്കുമെന്ന പ്രഖ്യാപനം

127 (2579) ശ്രീ. കെ. പി. മോഹനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ലെ സന്തോഷ് ട്രോഫി ജേതാക്കളായ കേരള ഫുട്ബോൾ ടീമിൽ കളിച്ച ജോലിയില്ലാത്ത മുഴുവൻ ടീമംഗങ്ങൾക്കും സർക്കാർ ജോലി നല്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ ;

(ബി) എങ്കിൽ ഇതിൽ എത്ര പേർക്ക് ജോലി നല്കി ;

(സി) ഇനി എത്രപേർക്കു കൂടി ജോലി നല്കാനുണ്ട് ;

(ഡി) ഇവർക്ക് എപ്പോൾ ജോലി നല്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) രണ്ടു പേർക്ക്.

(സി) നാലു പേർക്ക്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സ്പോർട്സ് കോട്ടയിൽ പ്ലസ് വൺ, ഡിഗ്രി കോഴ്സുകളുടെ പ്രവേശനത്തിനുള്ള മാനദണ്ഡം

128 (2580) ശ്രീ. എം. എ. വാഹിദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് വൺ, ഡിഗ്രി കോഴ്സുകളിലേക്ക് സംസ്ഥാനത്ത് വിവിധ സ്ഥാപനങ്ങളിൽ സ്പോർട്സ് കോട്ടയിൽ അഡ്മിഷൻ ലഭിക്കുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ചുമതല ആർക്കാണ് നല്കിയിരിക്കുന്നത് ;

(ബി) ഇത്തരം സെലക്ഷന് സർക്കാർ എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ലാ സ്പോർട്സ് കൗൺസിലുകൾക്കാണ് നല്കിയിരുന്നത്. എന്നാൽ 13-5-2003-ലെ കേരളാ സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമനുസരിച്ച്, തിരുവനന്തപുരം ജില്ലാ സ്പോർട്സ് കൗൺസിലിന് ലിസ്റ്റ് തയ്യാറാക്കാൻ നല്കിയിരുന്ന ചുമതല പിൻവലിച്ച് കേരളാ സ്പോർട്സ് കൗൺസിൽ നേരിട്ട് ഈ കോഴ്സുകൾക്ക് കായിക താരങ്ങളെ ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേരളാ സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച മാനദണ്ഡമനുസരിച്ചാണ് സ്പോർട്സ് കോട്ട പ്രവേശനത്തിന് അപേക്ഷകരെ ശുപാർശ ചെയ്യുന്നത്. ഓരോ വിഭാഗം സ്പോർട് മികവുകൾ, വിവിധ തലത്തിലുള്ള പ്രാതിനിധ്യം എന്നിവ മുൻഗണനാക്രമത്തിൽ നിശ്ചയിച്ചു കൊണ്ടുള്ള മാനദണ്ഡം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(10-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത 2520, 2560, 2569, 2575 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ശ്രദ്ധക്ഷണികകൾ

(1) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനങ്ങളിൽ അർഹമായ സംവരണാനുകൂല്യങ്ങൾ ലഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. കെ. ബാലൻ : സംസ്ഥാന സർവ്വീസിൽ എസ്.സി./എസ്.ടിയുടെ പ്രാതിനിധ്യം അവലോകനം ചെയ്യുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സാധാരണ നിലയിൽ ഓരോ വർഷവും റിവ്യൂ കമ്മിറ്റി ചേരേണ്ടതാണ്. പക്ഷേ അത് കൃത്യമായി നടക്കാത്തതിന്റെ ഫലമായി ഈ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ലഭിക്കേണ്ട നിയമപരമായ, ഭരണപരമായ ആനുകൂല്യം ലഭിക്കുന്നില്ല. സർക്കാർ സർവ്വീസിലെ പട്ടികജാതി പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ട ഭരണപരമായ ബാധ്യത ഗവൺമെന്റിനുണ്ട്. കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾ 14(എ) പ്രകാരം 8 ശതമാനം പട്ടികജാതിക്കാർക്കും 2 ശതമാനം പട്ടികവർഗ്ഗക്കാർക്കും ആനുകൂല്യം ലഭിക്കേണ്ടതാണ്. ഇത് അവലോകനം ചെയ്യുന്നതിന് മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു റിവ്യൂ കമ്മിറ്റിയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു പ്രാവശ്യം മാത്രമാണ് റിവ്യൂ നടത്തിയത്. ആ റിവ്യൂ കമ്മിറ്റിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു പുറമെ വകുപ്പുമന്ത്രി ഡോ. കുട്ടപ്പൻ പങ്കെടുത്തിരുന്നു. അവലോകനത്തിന് തയ്യാറായ പത്തു വകുപ്പുകളുടെ സ്ഥിതി വളരെ ദയനീയമാണ്. മൊത്തം 116 വകുപ്പുകളിൽ പത്തു വകുപ്പുകൾ മാത്രമേ റിവ്യൂ ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത തസ്തികയടക്കം നിയമനം നടത്തിയതായ കണക്ക് കള്ള കണക്കാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ പ്രവണതയെ ശക്തമായി എതിർത്തതാണ്. ഡിപ്പാർട്ടുമെന്റിൽ നിന്ന്

9.30 AM]

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[10-7-2003-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 129(2580) കാണുക]

കേരള സ്പോർട്സ് കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ച മാനദണ്ഡമനുസരിച്ചാണ് സ്പോർട്സ് ക്വാട്ടാ പ്രവേശനത്തിന് അപേക്ഷകരെ ശുപാർശ ചെയ്യുന്നത്. മാനദണ്ഡമനുസരിച്ച് താഴെപ്പറയുന്ന വിഭാഗം സ്പോർട്സ് മികവുകൾ/പ്രാതിനിധ്യം എന്നിവ മുൻഗണനാക്രമത്തിൽ പരിഗണിക്കാനാണ് നോംസിൽ വ്യവസ്ഥയുള്ളത്. (പ്രൊഫഷണൽ കോഴ്സുകൾ ഒഴികെ)

1. ലോക മത്സരങ്ങൾ/ഒളിംപിക്സ്
2. ലോക യൂണിവേഴ്സിറ്റി ഗെയിംസ്
3. കോമൺവെൽത്ത് ഗെയിംസ്/ഏഷ്യൻ ഗെയിംസ്
4. അംഗീകരിച്ച ലോക മത്സരങ്ങൾ (ജൂനിയേഴ്സ്)
5. കോമൺവെൽത്ത്/ഏഷ്യൻ ചാമ്പ്യൻഷിപ്പ്
6. ലോക സ്കൂൾ ഗെയിംസ്
7. ഏഷ്യൻ സ്കൂൾ ഗെയിംസ്/ഏഷ്യൻ കോമൺവെൽത്ത് ചാമ്പ്യൻഷിപ്പ് (ജൂനിയർ/യൂത്ത്)
8. സാഫ് ഗെയിംസ്
9. സാഫ് ചാമ്പ്യൻഷിപ്പ്
10. ഏഷ്യ പസഫിക് ചാമ്പ്യൻഷിപ്പ്
11. സാഫ് ചാമ്പ്യൻഷിപ്പ് (ജൂനിയേഴ്സ്)
12. നാഷണൽ ചാമ്പ്യൻഷിപ്പ് (മെൻ/വിമെൻ) നാഷണൽ ഗെയിംസ്
13. ആൾ ഇന്ത്യാ ഇന്റർയൂണിവേഴ്സിറ്റി മത്സരങ്ങൾ
14. നാഷണൽ ചാമ്പ്യൻഷിപ്പ് (ജൂനിയേഴ്സ്/യൂത്ത്)
15. സൗത്ത് സോൺ ചാമ്പ്യൻഷിപ്പ് (മെൻ/വിമെൻ)
16. ആൾ ഇന്ത്യാ സ്കൂൾ ഗെയിംസ്
17. സൗത്ത് സോൺ ചാമ്പ്യൻഷിപ്പ് (ജൂനിയർ/യൂത്ത്)
18. ആൾ ഇന്ത്യാ വിമെൻസ് ചാമ്പ്യൻഷിപ്പ്
19. അന്തർ ജില്ലാ ചാമ്പ്യൻഷിപ്പ് (സീനിയേഴ്സ്)
20. ആൾ ഇന്ത്യാ റൂറൽ സ്പോർട്സ്

LIBRARY ARCHIVES Kerala Legislative Assembly

21. അന്തർ ജില്ലാ ചാമ്പ്യൻഷിപ്പ് (ജൂനിയർ/യൂത്ത്)

22. കേരള സ്കൂൾ ചാമ്പ്യൻഷിപ്പ്/സ്റ്റേറ്റ് ഹയർ സെക്കണ്ടറി സ്കൂൾ മീറ്റ്

23. ഇന്റർ കോളേജിയറ്റ് മത്സരങ്ങൾ

24. ജില്ലാ ചാമ്പ്യൻഷിപ്പ് (മെൻ/വിമെൻ)

25. സ്റ്റേറ്റ്/റീജിയണൽ ചാമ്പ്യൻഷിപ്പ് (സി.ബി.എസ്.സി./ഐ.സി.എസ്.സി./ ഐ.എസ്.സി./നവോദയ/കേന്ദ്രീയ വിദ്യാലയ)

26. ജില്ലാ ചാമ്പ്യൻഷിപ്പ് (ജൂനിയർ/യൂത്ത്)

27. വിദ്യാഭ്യാസ ജില്ലാ സ്കൂൾ ചാമ്പ്യൻഷിപ്പ്

28. സ്റ്റേറ്റ് വിമെൻ ചാമ്പ്യൻഷിപ്പ്

29. സ്റ്റേറ്റ് റൂറൽ സ്പോർട്സ്

LIBRARY ARCHIVES Kerala Legislative Assembly